(ഇ) ഈ നികുതി പിരിക്കുവാൻ ഇപ്പോൾ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്?

ഉത്തരം

(എ),(ബി)&(സി) കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ നികുതി പിരിച്ചെടുക്കുവാൻ സംസ്ഥാനത്ത് 3 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരേയും 69 കാർഷികാദായ നികുതി ഓഫീസർമാരേയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ഇ) 72 ഉദ്യോഗസ്ഥൻമാരുണ്ട്.

7 (2564) കാർഷികാദായ നികുതി പിരിക്കുന്നതിനുള്ള ചെലവ്

ശ്രീ. അടൂർ പ്രകാശ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായ നികുതി പിരിക്കുന്നതിന് 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുക ചെലവുവന്നിട്ടുണ്ട്;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോന്നിലും എന്തു തുകവീതം ഈ നികുതിയിനത്തിൽ പിരിച്ചിട്ടുണ്ട്;

(സി) ഈ നികുതി പിരിച്ചെടുക്കുന്നതിനുള്ള ചെലവും ഈ നികുതിയിൽ നിന്നുള്ള വരവും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ ഗവൺമെന്റിന് സാമ്പത്തികമായി എന്തു പ്രയോജനമുണ്ടാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)

വർഷം	തുക
1996-97	11,38,188.00
1997-98	20,51,305.00
1998-99	23,36,000.00

(ബി)

1996-97	-	17 കോടി
1997-98	-	22.54 കോടി
1998-99	-	25.52 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി)

വർഷം	വരവ് (തുക കോടിയിൽ)	ചെലവ്	ചെലവ് (ശതമാനം)
1996-97	17.00	0.11	0.65%
1997-98	22.54	0.21	0.93%
1998-99	25.52	0.23	0.90%

8 (2565) ഗവൺമെന്റ് ഗ്യാരണ്ടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഗ്യാരണ്ടി നൽകിയിട്ടുണ്ട്;

(ബി) ഒട്ടാകെ എന്തു തുകയ്ക്കുള്ള ഗ്യാരണ്ടി 31.3.99-ലെ കണക്കനുസരിച്ച് നൽകിയിട്ടുണ്ട്;

(സി) ഈ ഗ്യാരണ്ടികൾക്ക് ഗ്യാരണ്ടി കമ്മിഷൻ ഇനത്തിൽ എന്തു തുക കിട്ടണം;

(ഡി) ഗ്യാരണ്ടി കമ്മിഷൻ കുടിശ്ശികയാക്കിയിട്ടുള്ള ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

(ഇ) എന്തു തുക ഈ ഇനത്തിൽ കുടിശ്ശികയായിട്ടുണ്ട്;

(എഫ്) ഗ്യാരണ്ടി നൽകിയതിന്റെ പേരിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റിൽനിന്ന് ഏതെങ്കിലും തുക അടയ്ക്കേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം വേണ്ടി എത്ര തുക വീതം അടയ്ക്കേണ്ടതായി വന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 174 സ്ഥാപനങ്ങൾക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ട്. വ്യക്തികൾക്ക് ഇപ്പോൾ ഗ്യാരണ്ടി നൽകാറില്ല.

(ബി) മൊത്തം 9393 കോടി രൂപയ്ക്ക് (ആഡിറ്റ് ചെയ്യാത്ത കണക്ക്).

(സി) ഉദ്ദേശം 70.45 കോടി രൂപ.

(ഡി) ഉണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഉണ്ട്.

(1) കേരള ഭൂ വികസന കോർപ്പറേഷൻ 34.22 കോടി രൂപ

(2) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ 8.8 കോടി രൂപ.

9 (2566) ആഡിറ്റ് കമ്മീഷൻ രൂപീകരണം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് അപ്ഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നതിന് പരിപാടിയിട്ടിട്ടുള്ള 'ആഡിറ്റ് കമ്മിഷൻ' രൂപവൽക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly